പ്രതികരണം

●

ഡോ. ഫെബീനാ സീതി
(മൗലാനാ ഹോസ്പിറ്റൽ പെരിന്തൽമണ്ണ)

# മുസ്‌ലിം വ്യക്തിനിയമത്തിൽ ഞെരിഞ്ഞമരുന്ന സ്ത്രീ

**മുസ്‌ലിം സംഘടനകൾ ഭിന്നിപ്പുകളും സങ്കുചിത താൽപര്യങ്ങളും മാറ്റിനിർത്തി ഒരു കമ്മിറ്റിയുണ്ടാക്കി മുസ്‌ലിം വ്യക്തിനിയമ പരിഷ്കരണത്തിന് വേണ്ട നിർദേശങ്ങൾ സർക്കാറിനും കോടതിക്കും മുമ്പാകെ നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇത്തരം പരിഷ്കരണങ്ങൾക്ക് വേണ്ടി വി. ആർ കൃഷ്ണയ്യരെ പോലുള്ളവർ മുൻകൈയെടുക്കേണ്ടിവരുന്നത് മുസ്‌ലിം സമുദായത്തിന് നാണക്കേടാണ്.**

**'ശരീഅത്ത്** - കണക്കും കവിതയും' എന്ന തലക്കെട്ടിൽ ശാന്തപുരം ജാമിഅയിലെ ശരീഅ വിദ്യാർഥികളും എസ്.ഐ.ഒയും സംയുക്തമായി പെരിന്തൽമണ്ണയിൽ സംഘടിപ്പിച്ച ചർച്ചയിൽ ഞാനും പങ്കെടുത്തിരുന്നു. 1980കൾ മുതൽ വിവാദമായി തുടങ്ങുകയും ഇന്നും തുടരുകയും ചെയ്യുന്ന ഇസ്‌ലാമിക ശരീഅത്തിനെ സംബന്ധിച്ചുള്ള ചർച്ചകളിൽനിന്ന് വ്യത്യസ്തമായി അതിൽ പങ്കെടുത്ത കുറേപ്പേർ ആർജവത്തോടെയാണ് കാര്യങ്ങൾ അവതരിപ്പിച്ചത്.

ഇന്ത്യയിൽ ജീവിക്കുന്നവർക്ക് പൊതു ക്രിമിനൽ നിയമം നിലവിലുണ്ട്. വിവാഹം, വിവാഹമോചനം, അനന്തരാവകാശം മുതലായവ ഉൾക്കൊള്ളിച്ചുള്ള വ്യക്തിനിയമം ഹിന്ദു, മുസ്‌ലിം, ക്രിസ്ത്യൻ, സിഖ്, പാഴ്സി തുടങ്ങിയ വിഭാഗങ്ങൾക്ക് അവരുടെ മതം അനുശാസിക്കുന്ന പ്രകാരം കൈകാര്യം ചെയ്യാനുള്ള സ്വാതന്ത്ര്യം ഇന്ത്യൻ ഭരണഘടന നൽകുന്നു. അതിനാൽ ശരീഅത്ത് സംബന്ധിച്ച ചർച്ചകളും വിവാഹം, അനന്തരാവകാശം തുടങ്ങിയ വിഷയങ്ങളിലേക്ക് ചുരുങ്ങിപ്പോകുന്നു. എന്നിരുന്നാലും, ഇന്ത്യൻ സാഹചര്യത്തിൽ അതിന് പ്രസക്തിയുണ്ട്. ഇസ്‌ലാമിക ശരീഅത്തിലെ വിവാഹനിയമങ്ങളും ഇന്ത്യയിൽ നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമവും ഒന്നല്ല. മുഗൾ ഭരണാധികാരി ഔറംഗസീബിന്റെ

കാലത്ത് മതപണ്ഡിതന്മാർ ക്രോഡീകരിച്ച *ഫതാവ ആലംഗീരി* എന്ന ഗ്രന്ഥത്തെയും അന്നുള്ള കോടതിവിധികളെയും അവലംബിച്ചാണ് ജസ്റ്റിസ് മുല്ല മുസ്‌ലിം വ്യക്തിനിയമം തയാറാക്കിയത്.

മുസ്‌ലിം സ്ത്രീകളോട് കടുത്ത അനീതി ചെയ്യുന്നുണ്ട് നിലവിലുള്ള മുസ്‌ലിം വ്യക്തിനിയമം. ഖുർആൻ വിവാഹമോചനത്തിന് മുമ്പ് സ്വീകരിക്കേണ്ട നടപടിക്രമത്തെ സംബന്ധിച്ച് പരാമർശിക്കുന്നുണ്ട്: "അവർ രണ്ടുപേർക്കുമിടയിൽ നിങ്ങൾ പിളർപ്പു ഭയപ്പെട്ടാൽ, അവന്റെ ആൾക്കാരിൽനിന്ന് ഒരു വിധികർത്താവിനെ(മധ്യസ്ഥനെ)യും അവളുടെ ആൾക്കാരിൽനിന്ന് ഒരു വിധികർത്താവിനെയും നിങ്ങൾ നിയോഗിക്കുവിൻ. ഇരുകൂട്ടരും നന്നാകുവാൻ ഉദ്ദേശിക്കുന്ന പക്ഷം രണ്ടുപേർക്കുമിടയിൽ അല്ലാഹു യോജിപ്പുണ്ടാക്കുന്നതാണ്. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു" (4:35).

ഇന്ന് ദമ്പതികളെ രഞ്ജിപ്പിലെത്തിക്കുന്ന കൂടിയാലോചനയും (കൗൺസലിംഗ്) മറ്റും സംബന്ധിച്ച് ഖുർആൻ സൂചന നൽകുന്നുണ്ട്. കൂടാതെ വിവാഹമോചനം മൂന്ന് പടിയായിട്ടാണ് വേദഗ്രന്ഥത്തിൽ വിശദീകരിക്കുന്നത്. "(മടക്കിയെടുക്കാൻ അനുമതിയുള്ള) വിവാഹമോചനം രണ്ടുപ്രാവശ്യം മാത്രമാകുന്നു. പിന്നെ, ഒന്നുകിൽ മര്യാദയനുസരിച്ച് കൂടെ നിർത്തുകയോ അല്ലെങ്കിൽ നല്ല നിലയിൽ പിരിച്ചയക്കുകയോ ആണ് വേണ്ടത്. നിങ്ങൾ അവർക്ക് നൽകിയിട്ടുള്ളതിൽനിന്ന് യാതൊന്നും തിരിച്ചുവാങ്ങാൻ നിങ്ങൾക്കനുവാദമില്ല..... ഇനിയും അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അതിനുശേഷം അവളുമായി ബന്ധപ്പെടൽ അവന് അനുവദനീയമല്ല; അവൾ മറ്റൊരു ഭർത്താവിനെ സ്വീകരിക്കുന്നതുവരേക്കും. എന്നിട്ട് അവൻ അവളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ തിരിച്ചുപോകുന്നതിൽ അവരിരുവർക്കും കുറ്റമില്ല" (2: 229,230).

അനുവദിക്കപ്പെട്ടതിൽ ഏറ്റം വെറുക്കപ്പെട്ടത് (ഹലാലാക്കിയ ഹറാം) എന്നാണ് വിവാഹമോചനത്തെ പ്രവാചകൻ വിശേഷിപ്പിച്ചത്. കൂടാതെ ഓരോ ത്വലാഖിന് ശേഷവും സ്ത്രീയോട് ഇദ്ദയാചരിക്കാനും(ഇദ്ദ മൂന്ന് ശുദ്ധിവേളകളാണ്) ഖുർആൻ നിഷ്കർഷിക്കുന്നു. "നബിയേ, നിങ്ങൾ(വിശ്വാസികൾ) സ്ത്രീകളെ വിവാഹമോചനം ചെയ്യുകയാണെങ്കിൽ അവരെ അവരുടെ ഇദ്ദാകാലത്തിന് കണക്കാക്കി വിവാഹമോചനം ചെയ്യുകയും ഇദ്ദാകാലം എണ്ണിക്കണക്കാക്കുകയും ചെയ്യുക. നിങ്ങളുടെ രക്ഷിതാവായ അല്ലാഹുവെ സൂക്ഷിക്കുകയും ചെയ്യുക. അവരുടെ വീടുകളിൽനിന്ന് അവരെ നിങ്ങൾ പുറത്താക്കരുത്, അവർ പുറത്തുപോവുകയും ചെയ്യരുത്; പ്രത്യക്ഷമായ വല്ല നീചവൃത്തിയും അവർ ചെയ്യുകയാണെങ്കിലല്ലാതെ. ഇവ അല്ലാഹുവിന്റെ നിയമപരിധികളാകുന്നു" (65:1).

"അങ്ങനെ അവർ (വിവാഹമുക്തകൾ) അവരുടെ അവധിയിൽ എത്തുമ്പോൾ നിങ്ങൾ ന്യായമായ നിലയിൽ അവരെ കൂടെനിർത്തുകയോ നല്ലനിലയിൽ അവരുമായി വേർപിരിയുകയോ ചെയ്യുക. നിങ്ങളിൽ നിന്നുള്ള രണ്ടു നീതിമാന്മാരെ സാക്ഷി നിർത്തുകയും അല്ലാഹുവിനുവേണ്ടി സാക്ഷ്യം നേരാംവണ്ണം നിലനിർത്തുകയും ചെയ്യുക" (65:2).

"നിങ്ങളുടെ സ്ത്രീകളിൽനിന്നും ആർത്തവത്തെ സംബന്ധിച്ച് നിരാശപ്പെട്ടിട്ടുള്ളവരെ (ആർത്തവ പ്രായം കഴിഞ്ഞുപോയവർ) സംബന്ധിച്ചേടത്തോളം നിങ്ങൾ അവരുടെ ഇദ്ദയുടെ കാര്യത്തിൽ സംശയത്തിലാണെങ്കിൽ അത് മൂന്ന് മാസമാകുന്നു; ആർത്തവമുണ്ടായിട്ടില്ലാത്തവരുടെതും അങ്ങനെ തന്നെ. ഗർഭവതികളായ സ്ത്രീകളുടെ അവധി, അവർ തങ്ങളുടെ ഗർഭം പ്രസവിക്കലാകുന്നു. വല്ലവനും

അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമാക്കിക്കൊടുക്കുന്നതാണ്" (65:4).

"നിങ്ങളുടെ കഴിവിൽപെട്ട, നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് അവരെയും താമസിപ്പിക്കണം. അവർക്കു ഞെരുക്കമുണ്ടാക്കാൻ വേണ്ടി നിങ്ങൾ അവരെ ദ്രോഹിക്കരുത്. അവർ ഗർഭിണികളാണെങ്കിൽ അവർ പ്രസവിക്കുന്നതുവരെ നിങ്ങൾ അവർക്കു ചെലവുകൊടുക്കുകയും ചെയ്യുക. ഇനി അവർ കുഞ്ഞിനു മുലകൊടുക്കുന്ന പക്ഷം അവർക്കു നിങ്ങൾ അവരുടെ പ്രതിഫലം കൊടുക്കുക. നിങ്ങൾ തമ്മിൽ മര്യാദപ്രകാരം കൂടിയാലോചിക്കുകയും ചെയ്യുക" (65:6)

**ഇന്ത്യൻ മുസ്‌ലിം വ്യക്തിനിയമപ്രകാരം പുരുഷന് തന്നിഷ്ടപ്രകാരം മഹല്ല് ഖാദി വഴിയോ കോടതി മുഖേനയോ കാര്യകാരണങ്ങൾ ബോധിപ്പിക്കാതെ ത്വലാഖ് നിർവഹിക്കാം. എന്നാൽ ഒരു സ്ത്രീക്ക് വിവാഹമോചിതയാകണമെങ്കിൽ കോടതി കയറണം. ഇത് രണ്ടും ഇസ്‌ലാമിക തത്ത്വങ്ങൾക്കെതിരാണ്.**

മേൽ ഉദ്ധരിച്ച ഖുർആൻ വചനങ്ങളിൽനിന്ന് വ്യക്തമാകുന്നത്, വിവാഹമോചനം തടയാൻ വേണ്ടിയും അനുവദിക്കുന്നെങ്കിൽ ലളിതമാക്കാൻ വേണ്ടിയും അല്ലാഹു ഒരു ക്രമം നിശ്ചയിച്ചിരിക്കുന്നു എന്നാണ്. സ്ത്രീകൾക്ക് ഞെരുക്കമുണ്ടാകാതിരിക്കാൻ അവരുടെ അവകാശങ്ങളെ സംബന്ധിച്ചും പ്രത്യേകം പ്രതിപാദിക്കുന്നു.

ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ മൂന്ന് ത്വലാഖ് ഒരുമിച്ച് ചൊല്ലുന്നത് (മുത്ത്വലാഖ്) സാധുവാണെന്ന് പറയാൻ സാധ്യമല്ല. അതുപോലെ പുരുഷൻ തന്നിഷ്ടപ്രകാരം ആരുമായും കൂടിയാലോചിക്കാതെ മൊഴിചൊല്ലുന്നതും തെറ്റാണ്. എന്നാൽ മുസ്‌ലിം വ്യക്തിനിയമ പ്രകാരം മുത്ത്വലാഖ് അനുവദനീയമാണ്. പുരുഷന് ഭാര്യയെ മൊഴിചൊല്ലാൻ പൂർണാധികാരവും നൽകുന്നു. പ്രവാചകന്റെ കാലത്ത് അനുവദിക്കപ്പെടാതിരുന്ന മുത്ത്വലാഖ് ഉമർ(റ) അനുവദിച്ചത് സ്ത്രീകൾക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ വേണ്ടിയാണ്. ചില പുരുഷന്മാർ ആദ്യത്തെ ത്വലാഖ് ചൊല്ലി തിരിച്ചെടുത്ത് വീണ്ടും സ്ത്രീകളെ പിടിച്ചു കെട്ടുന്നതിന് തുല്യമായി അവരോട് അനീതി കാണിക്കുന്നത് കണ്ടതുകൊണ്ടാണ് സാമൂഹിക നീതിക്ക് വേണ്ടി യത്നിച്ച ഉമർ(റ) മുത്ത്വലാഖ് അനുവദിച്ചത്. എന്നാൽ ഇന്ന് അത് സ്ത്രീകൾക്ക് നേരെയുള്ള ഒരു കാരാഗൃഹമായി നിലകൊള്ളുന്നു.

ഇന്ത്യൻ മുസ്‌ലിം വ്യക്തിനിയമപ്രകാരം പുരുഷന് തന്നിഷ്ടപ്രകാരം മഹല്ല് ഖാദി വഴിയോ കോടതി മുഖേനയോ കാര്യകാരണങ്ങൾ ബോധിപ്പിക്കാതെ ത്വലാഖ് നിർവഹിക്കാം. എന്നാൽ ഒരു സ്ത്രീക്ക് വിവാഹമോചിതയാകണമെങ്കിൽ കോടതി കയറണം. ഇത് രണ്ടും ഇസ്‌ലാമിക തത്ത്വങ്ങൾക്കെതിരാണ്.

ബഹുഭാര്യാത്വത്തിന്റെ കാര്യവും തഥൈവ. ഒരു മുസ്‌ലിം പുരുഷന് നാല് ഭാര്യമാർ വരെയാകാം. അതിന് ഖുർആനിൽ പറഞ്ഞപ്രകാരം പാലിക്കേണ്ട മര്യാദകളെ സംബന്ധിച്ച് യാതൊന്നും വ്യക്തിനിയമത്തിൽ പരാമർശിച്ചിട്ടില്ല. ഒരു പുരുഷന് ഒന്നിൽ കൂടുതൽ പത്നിമാരെ സ്വീകരിക്കണമെങ്കിൽ അയാൾക്ക് തുല്യനീതിയോടെ അവരെ പരിപാലിക്കാൻ സാധിക്കണം. അതിനുള്ള സാമ്പത്തികശേഷി ഉണ്ടാകണം. "അനാഥകളുടെ കാര്യത്തിൽ നിങ്ങൾക്ക് നീതിപാലിക്കാനാവില്ലെന്ന് ഭയപ്പെ

ടുകയാണെങ്കിൽ മറ്റു സ്ത്രീകളിൽനിന്ന് നിങ്ങൾ ഇഷ്ടപ്പെടുന്ന രണ്ടോ മൂന്നോ നാലോ പേരെ വിവാഹം ചെയ്തുകൊള്ളുക. എന്നാൽ നീതി പുലർത്താനാവില്ലെന്ന് നിങ്ങൾ ഭയപ്പെടുകയാണെങ്കിൽ ഒരുവളെ മാത്രം"(4:3). പ്രസ്തുത ഖുർആൻ വാക്യത്തെ വ്യാഖ്യാതാക്കൾ പലതരത്തിലാണ് വിശദീകരിക്കുന്നത്. ബഹുഭൂരിഭാഗം പണ്ഡിതന്മാരും ബഹുഭാര്യാത്വം ഇസ്‌ലാമിൽ അനുവദനീയമാണെങ്കിലും സൂക്ഷ്മതയോടെ കൈകാര്യം ചെയ്യേണ്ട ഒന്നായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ചില പണ്ഡിതന്മാർ അതിനെ ജിഹാദിന് സമാനമായും എല്ലാ പുരുഷന്മാരും പാലിക്കേണ്ട സുന്നത്തായും പറയുന്നതിനോട് യോജിപ്പില്ല. ഖുർആന്റെയും ഹദീസിന്റെയും വെളിച്ചത്തിൽ വിശകലനം ചെയ്യുമ്പോൾ ബഹുഭാര്യാത്വത്തെ പ്രോത്സാഹിപ്പിച്ചു കൊണ്ട് ഒരു ഖുർആൻ വചനമോ ഹദീസോ കാണുന്നില്ല. അതുപോലെ പൂർണമായി നിരോധിച്ചിട്ടുമില്ല. ഏതായാലും അത് നിയന്ത്രിക്കേണ്ടത് ആവശ്യമാണ്. ഹരിയാന ഉപമുഖ്യമന്ത്രി ഇസ്‌ലാം സ്വീകരിച്ചത് രണ്ടാംഭാര്യയെ സ്വീകരിക്കാനാണ്. പലവിവാഹതട്ടിപ്പ് വീരന്മാരും ഇസ്‌ലാമിനെ അതിന് ദുരുപയോഗം ചെയ്യുന്നു. മതനിഷ്ഠയില്ലാത്തവരാണ് ബഹുഭാര്യാത്വത്തെ ഉപയോഗപ്പെടുത്തുന്നവരിൽ ഭൂരിഭാഗവും. ചിലർ ഗൗരവമായ കൂടിയാലോചനയില്ലാതെ രണ്ടാംഭാര്യയെ സ്വീകരിച്ച് ജീവിതം ദുരിതക്കയമാക്കുന്നു. പാകിസ്താൻ, ഈജിപ്ത്, ഇറാൻ, മൊറോക്കോ തുടങ്ങിയ രാജ്യങ്ങളിൽ വിവാഹമോചനം, ബഹുഭാര്യാത്വം തുടങ്ങിയ വിഷയങ്ങളിൽ ഒരു ട്രൈബ്യൂണൽ മുമ്പാകെ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കിയാലേ അനുമതി ലഭിക്കുകയുള്ളൂ. ഇത്തരം നിയന്ത്രണങ്ങളൊന്നും തന്നെ ഇന്ത്യൻ മുസ്‌ലിം വ്യക്തിനിയമത്തിൽ പ്രതിപാദിച്ചിട്ടില്ല.

ഏതായാലും മുസ്‌ലിം സംഘടനകൾ ഭിന്നിപ്പുകളും സങ്കുചിത താൽപര്യങ്ങളും മാറ്റിനിർത്തി ഒരു കമ്മിറ്റിയുണ്ടാക്കി മുസ്‌ലിം വ്യക്തിനിയമ പരിഷ്കരണത്തിന് വേണ്ട നിർദേശങ്ങൾ സർക്കാറിനും കോടതിക്കും മുമ്പാകെ നൽകേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇത്തരം പരിഷ്കരണങ്ങൾക്ക് വേണ്ടി വി.ആർ കൃഷ്ണയ്യരെ പോലുള്ളവർ മുൻകൈയെടുക്കേണ്ടിവരുന്നത് മുസ്‌ലിം സമുദായത്തിന് നാണക്കേടാണ്. നിയമഭേദഗതികൊണ്ടു മാത്രം സാമൂഹിക പരിഷ്കരണം സാധ്യമല്ല. സ്ത്രീധനം 1960 മുതൽ നിരോധിച്ചിട്ടും ഇന്നും ഈ ദുരാചാരം സമൂഹത്തിൽ താണ്ഡവമാടുന്നു. എന്നിരുന്നാലും ഒരു നിയമമുണ്ടാക്കുമ്പോൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിച്ചേക്കും. തന്റേടവും വിവരവും സാമ്പത്തികശേഷിയുമുള്ള വ്യക്തികൾക്ക് കോടതിയെ സമീപിച്ച് നീതി ലഭ്യമാക്കാൻ എളുപ്പമാകും. ഇതിനു പുറമെ മുസ്‌ലിം സംഘടനകളും സ്ത്രീസംഘടനകളുമുൾപ്പെടെ വിവാഹനിയമങ്ങളെക്കുറിച്ച് സമുദായത്തിൽ സ്ത്രീപുരുഷ ഭേദമന്യേ ബോധവത്കരണം നടത്തുകയും വേണം. ■